**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

നം.ഔ.ഭാ.4/28/17/ഉ.ഭ.പ.വ

തിരുവനന്തപുരം
തിയതി.27.09.2017

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്-2017-ലെ മലയാളദിനാഘോഷവും ഭരണഭാഷാവാരാഘോഷവും 2017 നവംബർ 1 മുതൽ ഒരു വർഷക്കാലം ഭരണഭാഷാവർഷമായി ആഘോഷിക്കലും - ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ- സംബന്ധിച്ച്.

കേരളത്തിലെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി എല്ലാ വർഷവും നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതു സംബന്ധിച്ച് 18.03.2002-ൽ സ.ഉ. (അച്ചടിച്ചത്) നം.31/2002/ഉഭപവ പുറപ്പെടുവിക്കുകയുണ്ടായി. ഇക്കാലയളവിൽ ഭരണഭാഷാമാറ്റത്തിന് ഉതകുംവിധമുള്ള ചർച്ചകളും സെമിനാറുകളും മറ്റും സംസ്ഥാന-ജില്ലാ- താലൂക്ക്-പഞ്ചായത്തുതലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള നിർദേശം നൽകിക്കൊണ്ട് 02.05.2002-ാം തീയതി സർക്കാരുത്തരവ് (അച്ചടിച്ചത്) നമ്പർ 20/2002/ഉ.ഭ.പ.വ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ പരിധിയിൽനിന്ന് ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നഡ എന്നിവയും മറ്റു ഭാഷകളും മാതൃഭാഷകളായിട്ടുള്ള കുട്ടികളെ ഒഴിവാക്കിക്കൊണ്ട് സർക്കാരുത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഭരണവകുപ്പുകളിലും സ്ഥാപനങ്ങളിലും മേൽപ്പറഞ്ഞ ഉത്തരവുകളുടെ വെളിച്ചത്തിൽ കേരളത്തിന്റെ 61-ാം വാർഷികവേളയായ ഈ വർഷവും ആഘോഷപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. നവംബർ മാസത്തിലെ ആദ്യത്തെ പ്രവൃത്തിദിവസം മലയാളഭാഷാദിനാഘോഷവും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരാഘോഷവും 2017 നവംബർ 1 മുതൽ 2018 ഒക്ടോബർ 31 വരെ വാർഷികാഘോഷവും സംസ്ഥാനത്ത് വിപുലമായ രീതിയിൽ സംഘടിപ്പിക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനതലത്തിൽ ആഘോഷപരിപാടികളുടെ ഉദ്ഘാടനം 1.11.2017--ന് സെക്രട്ടേറിയറ്റ് ഡർബാർ ഹാളിൽ ബഹു.മുഖ്യമന്ത്രി നിർവഹിക്കുന്നതാണ്. 2017 നവംബർ 1-ാം തീയതി എല്ലാ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും എല്ലാ ഓഫീസുകളിലും ഓഫീസ് തലവന്റെ അദ്ധ്യക്ഷതയിൽ ഭരണഭാഷാസമ്മേളനം സംഘടിപ്പിക്കേണ്ടതും താഴെ ചേർത്തിട്ടുള്ള ഭരണഭാഷാ പ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ഓഫീസ് തലവൻ ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

***"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും".***

2. സ്കൂളുകളിൽ മലയാളദിനത്തിൽ ചേരുന്ന അസംബ്ലിയിൽ മലയാളം മാതൃഭാഷയായിട്ടുള്ള അധ്യാപകരും വിദ്യാർത്ഥികളും താഴെ ചേർത്തിട്ടുള്ള പ്രതിജ്ഞ എടുക്കേണ്ടതാണ്

***"മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷയെയും കേരളസംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. മലയാളത്തിന്റെ വളർച്ചയ്ക്കുവേണ്ടി എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും."***

3. ഭരണഭാഷാ വാരാഘോഷക്കാലത്ത് ഓഫീസുകളിലും സ്കൂളുകളിലും ആഘോഷം സംബന്ധിച്ച ബാനറുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

ബാനറിന്റെ മാതൃക

"ഭരണഭാഷ - മാതൃഭാഷ"

മലയാളം - ശ്രേഷ്ഠഭാഷാദിനാഘോഷം - 2017 നവംബർ 1

ഭരണഭാഷാവാരാഘോഷം- 2017 നവംബർ 1 മുതൽ 7 വരെ

"ഭരണഭാഷ - മാതൃഭാഷ"

ഭരണഭാഷാവർഷം

2017 നവംബർ 1 മുതൽ ഒക്ടോബർ 31, 2018 വരെ

4. വാരാഘോഷക്കാലത്തും ഭരണഭാഷാവർഷാഘോഷകാലത്തും വിവിധ വകുപ്പുകളിലും ഓഫീസുകളിലും ഭാഷാപോഷണത്തിനും ഭരണഭാഷാ മാറ്റത്തിനും ഉതകുന്ന പ്രഭാഷണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ, സത്സേവനരേഖയും ഭരണഭാഷാ സേവനപുരസ്കാരവും ഭരണഭാഷാ ഗ്രന്ഥരചനാപുരസ്കാരവും ലഭിച്ചവർക്കുള്ള അനുമോദനം തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്. അതോടൊപ്പം വിവിധ വകുപ്പുകൾക്ക് യോജിച്ചതും ഭാഷാമാറ്റ പുരോഗതി കൈവരിക്കുന്നതിന് ഉതകുന്നതുമായ മറ്റു പരിപാടികളും നടപ്പിലാക്കാവുന്നതാണ്.

5. ഓഫീസുകളിൽ ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന അഞ്ച് ഇംഗ്ലീഷ് പദങ്ങളും സമാന മലയാളപദങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

6. മലയാളഭാഷാ ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും സംബന്ധിച്ച് കീഴ് ഓഫീസുകളിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ വിവരങ്ങൾ സമാഹരിച്ച് വിശദമായ ഒരു റിപ്പോർട്ട് തയാറാക്കി എല്ലാ വകുപ്പുതലവൻമാരും നവംബർ 30 നു മുൻപ് ഔദ്യോഗികഭാഷാ വകുപ്പ് സെക്രട്ടറിക്ക് അയക്കേണ്ടതാണ്.

7 സംസ്ഥാനതല ആഘോഷപരിപാടികളുടെ ഭാഗമായി നവംബർ മാസത്തെ ആദ്യ പ്രവൃത്തിദിവസം സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ ചേരുന്ന യോഗത്തിൽ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർക്ക് ചീഫ് സെക്രട്ടറി ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നതാണ്.

8. ജില്ല/താലൂക്കതല ആഘോഷത്തിന്റെ ചെലവ് ജില്ലാ കളക്ടർക്കുവേണ്ടി ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള "മറ്റു ചെലവുകൾ" എന്ന കണക്കിലും പഞ്ചായത്ത് തലത്തിലുള്ള പരിപാടികളുടെ ചെലവ് ബന്ധപ്പെട്ട പഞ്ചായത്തിന്റെ കണക്കിലും വകയിരുത്തേണ്ടതാണ്.

കെ.ആർ.ജ്യോതിലാൽ
സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസുകൾക്കും
ഔദ്യോഗിക ഭാഷസംബന്ധിച്ച നിയമസഭാസമിതി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
ജില്ലാ കളക്ടർമാർ/പൊതുവിദ്യാഭ്യാസ ഡയറക്ടർ/ഉന്നതവിദ്യാഭ്യാസ ഡയറക്ടർ/
ഡയറക്ടർ, കൊളീജിയേറ്റ് എഡ്യൂക്കേഷൻ/
വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടർ/
ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ
ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പ്രസിദ്ധീകരണത്തിന്)

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം: ഇഎ/2221/15/സിഡി/ഭരണഭാഷ    തീ: 28-10-17

എല്ലാ നിയന്ത്രണാധികാരികളും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നതായി ഉറപ്പ് വരുത്തേണ്ടതും ഖണ്ഡിക (6) ലെ നിർദ്ദേശാനുസരിച്ച് പ്രസ്തുത റിപ്പോർട്ട് ഈ കാര്യാലയത്തിലേയ്ക്ക് നവംബർ 10-ാം തീയതിക്കകം അയച്ചു തരേണ്ടതാണ്

[signature]

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ് (എൻജിനീയറിംഗ് വിഭാഗം)
തിരുവനന്തപുരം

എൽ.എസ്.ജി.ഡി ഡിവിഷൻ ഓഫീസുകൾ (സബ്ഡിവിഷൻ/സെക്ഷൻ എന്നിവയിൽ നിന്നും)
ഉത്തര/ദക്ഷിണ മേഖല ഓഫീസുകൾ (ജില്ല/മുനിസിപ്പാലിറ്റികളിൽ നിന്നും)
റിപ്പോർട്ട് ക്രോഡീകരിച്ചു തന്നെ നൽകേണ്ടതാണ്